# പ്രജ്ഞാ 24

(ഡിജിറ്റൽ മാഗസിൻ)



St.George's VHSS Chowalloor

പ്രജ്ഞനം

# ST.GEORGE'S VHSS CHOWALLOOR

| | |
|---|---|
| School code | : 39051 |
| U-Dise Code | : 32131200303 |
| Class up To | : 5 – 12 |
| Principal | : Mini Koshy |
| Headmistress | : Shaja Varghese |
| Phone | : 9446081715 |
| Panchayath | : kareepra |
| Ward/ No | : Chowalloor / 2 |
| Post Office | : Edakkidom |
| Pin | : 6 1505 |
| Revenue District | : Kollam |
| Educational District | : Kottarakkara |
| Sub – District | : Veliyam |
| BRC | : Veliyam |
| Gmail | : sgvhsschowalloor@gmal.com |

SGVHSS Chowalloor

പ്രജ്ഞാ

## FOUNDER



പരിശുദ്ധാ ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ്ദ്വിതീയൻ കാതോലിക്കാ ബാവ

## FORMER MANAGER



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ

## MANAGER



ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത

SGVHSS Chowalloor

# ചരിത്രം

മലങ്കര ഓർത്തഡോക്സ് സഭയുടെ സൂര്യതേജസ് പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവയുടെ അക്ഷീണപ്രയത്നത്തിന്റെ ഫലമായി അനേകായിരം കുരുന്നുകൾക്ക് 'വിദ്യ' എന്ന രണ്ടക്ഷരത്തിലൂടെ 'അറിവ്' എന്ന 3 അക്ഷരം പകർന്ന് ജീവിതത്തിന്റെ നേർവഴി കാണിച്ച ഈ ദേശത്തിന്റെ കെടാവിളക്കായി ശോഭിച്ച നിൽക്കുന്ന സരസ്വതി വിദ്യാലയമാണ് സെന്റ്.ജോർജ് വിഎച്ച്എസ്എസ് ചൊവ്വല്ലൂർ. വിദ്യാഭ്യാസത്തിലൂടെ മാത്രമേ പുതുതലമുറയെ വളർത്തി സമൂഹത്തിനും സഭയ്ക്കും ഉന്നമനം ലഭിക്കൂ എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിത്തറ പാകിയ അദ്ദേഹം 1956 ചൊവ്വല്ലൂർ എന്ന സ്ഥലത്ത് ഈ വിദ്യാലയം സ്ഥാപിച്ചു. തുടക്കത്തിൽ യുപി വിഭാഗത്തിൽ ആരംഭിച്ച വിദ്യാലയം കാലക്രമേണ ഹൈസ്കൂൾ വിഭാഗമായും വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗമായും ഉയർത്തപ്പെട്ടു.സ്കൂളിനോട്ചേർന്ന്ഒരുടി.ടി.ഐ.യുംപ്രവർത്തിച്ചുവരുന്നു. ഡീക്കൺ.എബ്രഹാംജോസഫ്,റവ.ഫാദർമാത്യു.പി.കോശി,റവ.ഫാദർ. കെഎംഉമ്മൻ,ശ്രീമതി.പി.ഇന്ദിരാദേവി,ശ്രീമതി.പിഎസൂസമ്മ,ശ്രീമതി. ജെ.സി.സൂസമ്മ,ശ്രീമതി.സൂസൻ ഫിലിപ്പ്, എന്നിവർ പ്രധാന അധ്യാപകരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2016 ജൂൺ മുതൽ പ്രധാന അധ്യാപികയായി ശ്രീമതി. ഷാജ വർഗീസ് സേവനം അനുഷ്ഠിച്ചു വരുന്നു.ശക്തമായ ഒരു പിടിഎയും ഈ വിദ്യാലയത്തിന് കൈത്താങ്ങായുണ്ട്.

പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഞങ്ങുടെ വിദ്യാലയം മികച്ച നിലവാരം പുലർത്തി വരുന്നു. എസ്എസ്എൽസി പരീക്ഷയ്ക്ക് തുടർച്ചയായി വർഷങ്ങളിൽ 100% വിജയം നേടുന്ന വിദ്യാലയമാണിത്. ഉന്നത നിലവാരത്തോടും തികഞ്ഞ അച്ചടക്കത്തോടും പ്രവർത്തിക്കുന്ന ഈ വിദ്യാലയം മികച്ച സരസ്വതി ക്ഷേത്രമായി നിലകൊള്ളുന്നു

പ്രജ്ഞ

# ആശംസ




പി. സി. വിഷ്ണുനാഥ്
(കുണ്ടറ)
അംഗം
കേരള നിയമസഭ
ബവാസ്
പെരുമ്പുഴ പി.ഒ.
ഇളമ്പള്ളൂർ
കൊല്ലം—691 504

ഓഫീസ് : 0474-2914547,
0471-2512345
മൊബൈൽ : 9446836006,
8848324672
ന്യൂ ഫ്ലാറ്റ്-504,
ചന്ദ്രഗിരി ബ്ലോക്ക്,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം.
ഇ-മെയിൽ : pcvishnunadh@gmail.com
pcvishnunath@niyamasabha.nic.in


സ്ഥലം......കുണ്ടറ......
തീയതി...21.02.2024

<u>സന്ദേശം</u>

സെന്റ് ജോർജ്ജസ്സ് വി. എച്ച്. എസ്. എസ് ചൊവ്വള്ളൂർ വിദ്യാലയത്തിലെ 2021-24 ലിറ്റിൽ കൈറ്റ് യൂണിറ്റിലെ കുട്ടികൾ അവരുടെ പഠനത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൽ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ വളർത്തിയെടുക്കുന്നതിനും കലാവാസനകൾക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്നാശംസിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എല്ലാവിധ നൻമകളും നേരുന്നു.

സ്നേഹപൂർവ്വം

MEMBER OF LEGISLATIVE ASSEMBLY ★ KUNDARA ★

പി. സി വിഷ്ണുനാഥ്

SGVHSS Chowalloor

പ്രജ്ഞാ

# ആശംസ



2021– 2024 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന അവസരമാണിത്. നമ്മുടെ സ്ക്കുളിലെ ലിറ്റിൽസ് മിടുക്കർ 2022–2024 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്ന അവസരമാണിത്. നമ്മുടെ സ്ക്കുളിലെ ലിറ്റിൽ കൈറ്റ്സ് മിടുക്കർ കൈറ്റ്സ് മിസ്ട്രസ്സുമാരുടെ നേതൃത്വത്തിൽ മാഗസിൻ ചേർന്നൊരുക്കുന്നു. ഡിജിറ്റൽ സാധ്യതകൾക്ക് അനന്തസാധ്യയുള്ള ഈ കാലഘട്ടത്തിൽ നിങ്ങളുടെ ചിന്തകളും സർഗാത്മാകമായ കഴിവുകളും ഇവിടെയും മുന്നോട്ടും ഉജ്ജ്വലമായി പടരട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഷാജാ വർഗ്ഗിസ്
പ്രധാനാധ്യാപിക

SGVHSS Chowalloor

# എഡിറ്റോറിയൽ ബോർഡ്



കൃപാ മറിയം ബിജു



അശ്വതി എം.എസ്



ജോഷ്വാ ജോസ്



അക്ഷയ് ദേവ് .എസ്



അഭിനവ എസ്.ആർ

# സമർപ്പണം

സെന്റ് ജോർജ്ജസ് വി.എച്ച്.എസ്.എസ് ചൊവ്വല്ലൂർ

ലിറ്റിൽ കൈറ്റ്സ് 2021-24 ബാച്ച് പടിയിറങ്ങുന്ന ഈ

വേളയിൽ ഒരു പിടി നല്ല ഓർമ്മകൾ പ്രിയപ്പെട്ട

കൂട്ടുകാർക്കായി സമർപ്പിക്കുന്നു.

പ്രജ്ഞ

SGVHSS Chowalloor

# താളുകളിലൂടെ.................

പ്രജ്ഞാ

sacred river ganga ------------------------------------------------ 10

സ്ക്രൂൾതല പ്രവർത്തന റിപ്പോർട്ട് ------------------------------------11

സ്ക്രൂൾതല പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ ------------------------- 12

Name of some Kerala lakes. ----------------------------------------14

DON'T GIVE UP-------------------------------------------------------15

Kollam district ---------------------------------------------------- 16

സുപ്രഭാതം------------------------------------------------------------17

കുസൃതിചോദ്യങ്ങൾ------------------------------------------------18

സ്ക്രൂൾ പഠനയാത്ര കൊച്ചിയിലേക്ക് -------------------------------- 19

വരകൾ ---------------------------------------------------------- 23

SGVHSS Chowalloor

# SACRED RIVER GANGA



Abinava S.R
Std : IX B

The Ganga is India's most important and iconic river. It flows down from it's glacial source in the high Himalayas to course through five states in the Northern Plains before draining into the swirling water of the Bay of Bengal through the Sundarbans delta, the largest mangrove system in the world along its 2500 km journey, the river enriches huge swathes of agriculture land and sustains a long procession of towns and cities. The sprawling Ganga basin, an area of 860000 square kilometre spread across 11 States, is the world's most populous river Basin

As India's holiest river, the Ganga has a cultural and spiritual significance that for transcends the basin's boundaries. It is worshipped as a living goddess and, since time immemorial, people from across the country have flocked to the many historic Temple towns the lie along the river's banks to pray and bathe in it's flowing waters.

# സ്കൂൾതല പ്രവർത്തന റിപ്പോർട്ട്

സാധാരണക്കാരുടെ കുട്ടികൾക്ക് വേണ്ടി ആരംഭിച്ച ഈ വിദ്യാലയം ധാരാളം കൈവഴികൾ പിന്നിട്ട് പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. സ്കൂളിൻ്റെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിവിധ ഭാഷാ ക്ലബ്ബുകൾ, ഗണിത സാമൂഹിക ശാസ്ത്ര ക്ലബ്ബുകൾ, വിദ്യാരംഗം ഐടി ക്ലബ് എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്കൂൾതലത്തിൽ JRC യൂണിറ്റ്, Teen's ക്ലബ്, കരാട്ടെ ക്ലാസ്, കായിക പരിശീലനം, യോഗ ക്ലാസ് ,കരിയർ ഗൈഡൻസ്, കൗൺസിലിംഗ് ക്ലാസുകൾ,എക്കോ ക്ലബ് തുടങ്ങിയവ സജീവമായി പ്രവർത്തിച്ചുവരുന്നു.കൂടാതെ കുട്ടികളുടെ കലാവാസനകൾ ഉയർത്തുന്നതിന് വേണ്ടി വിവിധ കലാകായിക മത്സരങ്ങൾ സ്കൂളിൽ നടത്തുന്നു. കേരള പോലീസും സ്കൂളുമായി ചേർന്ന് നടത്തുന്ന ലഹരി ബോധവൽക്കരണ ക്ലാസുകൾ തുടർന്ന് നടക്കുന്ന റാലി മുതലായവ വളരെ ഭംഗിയോടും ചിട്ടയോടും നടത്തിവരുന്നു. സംസ്കൃത ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും സംസ്കൃത ദിനത്തോടനുബന്ധിച്ച് റാലികൾ, എക്സിബിഷനുകൾ തുടങ്ങിയവ നടത്തിവരുന്നു. ദിനാചരണ പ്രവർത്തനങ്ങൾ USS, NMMS തുടങ്ങിയ സ്കോളർഷിപ്പിന്റെ പരിശീലന ക്ലാസുകൾ എന്നിവ നടത്തിവരുന്നു.വിവിധ വകുപ്പുതല മത്സര ഇനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.സംസ്ഥാന ശുചിത്വമിഷൻ സംഘടിപ്പിച്ച ആശംസ കാർഡ് മത്സരത്തിൽ യു.പി എച്ച്.എസ് വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ നമ്മുടെ സ്കൂളിന് സാധിച്ചു. കേരള സർക്കാർ ട്രഷറി വകുപ്പിന്റെ വജ്ര ജൂബിലി ആഘോഷമായി ബന്ധപ്പെട്ട കൊട്ടാരക്കര സബ് ട്രഷറി സംഘടിപ്പിച്ച വാട്ടർ കളർ പെയിൻറിങ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി IED റിസോഴ്സ് ടീച്ചറിന്റെ സേവനം നൽകിവരുന്നു.

SGVHSS Chowalloor

# സ്കൂൾതല പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ














പ്രജ്ഞ

# Name of some Kerala lakes.

There are 34 beautiful lakes in Kerala.

- Vembanattu kayal -Alappuzha,Kottayam, Ernakulam.
- Poovar Kayal - Thiruvananthapuram.
- Ashtamudi Kayal -Kollam
- Poomeen Kayal- Alappuzha
- Azhikode Kayal -Thrissur
- Ponnani Kayal- Malappuram
- Kalai Kayal- Kozhikode
- Palakkod -Kannur
- Poonthura Kayal -Thiruvananthapuram
- Chandragiri- Kasaragod
- Bharathappuzha or Nila -Palakkad
- Kadalundi Kayal- Malappuram,Kozhikode
- Manakkadi kayal- Thrissur
- Arthungal Kayal -Alappuzha
- Velikayal-Thiruvananthapuram
- Kayamkulam Kayal -Kollam,Alappuzha
- Kapil Pozhi -Kasaragod
- Mahe -Kannur
- Kadinamkulam Kayal -Thiruvananthapuram
- Kottakayal -Kollam
- Anchuthengu Kayal -Thiruvananthapuram
- Vattakayal -Kollam
- Valapattanam- Kannur
- Beypur Kayal- Kozhikode
- Manakkadi kayal- Thrissur
- Kochi Kayal- Ernakulam
- Puthupponnani- Malappuram
- Chettuva Kayal- Thrissur
- Pozhichal kayal -Alappuzha
- Kodungallur Kayal -Thrissur
- Paravoor Kayal -Kollam



Aswathy M.S

SGVHSS Chowalloor

ഭൂഷണം

# DON'T GIVE UP

A long time ago, there lived a boy named Rodney in a village. He was very happy with his family. But his happiness could not last for long. Rodney and his fellow villagers faced a severe drought. They desperately waited for rain but with no luck. All the crops, lands and even trees dried up. The cattle started dying. As there was no rain, the stream was drying up slowly. One night, during a meet with villagers, Rodney said, "friends, we all have heard tales from our grandparents about an underground river flowing through our village. Why don't we dig and see?"The villagers agreed and started digging. They dug for some days gave up soon. However, Rodney kept on digging. When people told him to gave up, he said "God is helping and guiding my way. One day, when he had dug deep enough, Rodney saw water. His attitude of not giving up saved the whole village."Never give up so easily," Rodney advised all the villagers. Now they haven't face any shortage of water. After that whenever any problem arise all the villagers came up together and found a solution.



kripa Mariyam Biju
Std : IX B

SGVHSS Chowalloor

പ്രജ്ഞാ


# Kollam district

Kollam district is one of the 14 districts of the state of Kerala, India. The district has a cross section of Kerala's natural attributes it is endowed with a long coastline Laccadive Sea seaport and an inland lake Ashtamudi lake. The district has many water bodies Kallada river is one among them,and land on the east bank of the river is east Kallada and that on the west bank is west Kallada. Kallada boat race is the famous festival events of the district. Kollam is known as the capital of Kerala's cashew industry.Plains,mountains lakes,lagoons,and backwaters, forests, farmland and rivers makeup the topography of the district. Kollam temperature is almost steady throughout the year. Average temperature ranges from 25 to 32 degrees celsius. Kollam receive an annual average rainfall of around 2700 mm. Temperature is moderately cool from 18 to 25 degrees celsius. Kollam district has a population of 2,6,35,375. The total literacy rate of Kollam district is 94.09%. 45.05% of the population lives in urban areas. Scheduled castes and Scheduled Tribes makeup 12.46 %and 0.41% of the population. Malayalam is the predominant language spoken by 99.10% of the population. Small minority of Tamil speakers live Koovakkad village and bordering areas. Rice is the most important food crop grown in Kerala. More than 60% of the individuals are engaged in the agricultural sector. Kerala has unique tropical Agro climatic conditions, undulating terrains known for their serene beauty. Banana pepper and Tapioca has been the most profitable crops in the state Kerala is known for its produces like coconut,coffee cardamom, tea and is the largest producer of rubber. The most important traditional art forms of Kerala are Kathakali, Kalaripayattu, MayilpeeliThookkam, Koodiyattam, Theyyam, Mohiniyattam, Thullal, Padayani, Pulikali, Thiruvathirakali,Chakyarkoothu, Chavittunadakam etc. Kathakali is widely known as ' the king of performing arts'. The city of Thiruvananthapuram has been the centre of cultural activities of Kerala. Kerala sculpture is a mixture of Dravid and Indian culture



Aswathy M.S
Std : Ix B

SGVHSS Chowalloor



# സുപ്രഭാതം

സൂര്യനുദിച്ചു ഇരുളുനീങ്ങി
സുപ്രഭാതമായി കുട്ടികളെ
സുമധുരമാം മാരുതൻ വീശി
കിളികൾ തൻ കൂടുവിട്ടിറങ്ങി
ഇനി ഉറങ്ങല്ലേ കുട്ടികളെ
ഈ നല്ല സമയം
പാഴാക്കല്ലേ കുട്ടികളെ

Ashly
7B

# കുസൃതിചോദ്യങ്ങൾ

1.ഒരു ചതുരത്തിന്റെ ഒരു മൂലവെട്ടിമാറ്റിയാൽ ബാക്കി എത്ര മൂലയുണ്ടാകും

അഞ്ച്

2 40 cm നീളമുള്ള കുഴിയിൽ എത്ര മണ്ണ് ഉണ്ടാകും

മണ്ണ് ഉണ്ടാകില്ല

3 പച്ച തത്ത പച്ചമരത്തിൽ ഇരുന്നാൽ എത്ര

8( ഇരുന്നാൽ ) = 8(2*4=8)

4 4 ൽ നിന്നും 1 പോയാൽ -5 കിട്ടുന്നത് എപ്പോൾ

റോമൻ അക്കത്തിൽ IVൽ നിന്നും I മാറ്റിയാൽ v കിട്ടും

5 ഏതു രണ്ടു പൂർണ്ണ സംഖ്യകൾ ഗുണിച്ചാലാണ് 7 കിട്ടുന്നത്

1*7 =7

Sivajith .S

VI .A

SGVHSS Chowalloor

# സ്കൂൾ പഠനയാത്ര കൊച്ചിയിലേക്ക്

രാവിലെ 5 മണിക്ക് സ്കൂളിൽ നിന്ന് യാത്ര വണ്ടി പുറപ്പെടുമെന്ന് അറിയിച്ചിരുന്നതിനാൽ ഞാൻ 3 ന്നേ മുക്കാലിന് എഴുന്നേറ്റ് കുളിച്ച് ഫുൾ യൂണിഫോമിൽ ബാഗിൽ ആവശ്യമുള്ള സാധനങ്ങളും എടുത്ത് അമ്മയോടൊപ്പം കൃത്യം 5 മണിക്ക് തന്നെ വണ്ടിയുടെ അരികിൽ എത്തിച്ചേർന്നു. കൂട്ടുകാരെല്ലാവരും ടീച്ചർമാരും എത്തിക്കൊണ്ടിരുന്നു. അഞ്ചു മുപ്പത് ആയപ്പോൾ വണ്ടി കൊച്ചിയിലേക്ക് യാത്ര പുറപ്പെട്ടു. 5 50 ആയപ്പോൾ കൊട്ടാരക്കരയിൽ എത്തി. കൂട്ടുകാരോടൊപ്പം ഞാനും ഡാൻസ് കളിച്ചു യാത്ര തുടർന്നു. അബിന ടീച്ചർ,ജോജി ടീച്ചർ,മെറിൻ ടീച്ചർ, ബിനി ടീച്ചർ, hm ഷാജ ടീച്ചർ, അടൂർ സ്കൂളിലെ അധ്യാപകനായ നിദിൻ സാറിനോട്ടും ഒപ്പം ആയിരുന്നു ഞങ്ങൾ യാത്ര പോയത്. ആലപ്പുഴ ജില്ലയിൽ എത്തിയപ്പോൾ കായലുകളും, കായലുകളുടെ നടുക്കായി വീടുകളും ഉണ്ടായിരുന്നു. കായലിൽ കൂടി വള്ളം തുഴഞ്ഞു കൊണ്ടുപോകുന്ന മത്സ്യത്തൊഴിലാളികളെയും കണ്ടു.വയലുകളിൽ പണി എടുക്കുന്ന കർഷകരെയും കണ്ടു. എട്ടുമണിയായപ്പോൾ ഞങ്ങൾ ചേർത്തലയിൽ നിന്നും പ്രഭാതഭക്ഷണമായ പൊറോട്ടയും,മുട്ടക്കറിയും, ബ്രഡും ജാമും,ഫ്രൂട്ട് സലാഡും കഴിച്ചു. ആ കടയിൽ നിന്നും എല്ലാ കൂട്ടുകാരും ഐസ്ക്രീമും മിഠായികളും വാങ്ങി കഴിച്ചു.തിരികെ ബസ്സിൽ കയറി യാത്ര തുടങ്ങി. ഞങ്ങൾ പോകുന്ന വഴിയിൽ തിരക്കുണ്ടായിരുന്നു. പ്രഭാതഭക്ഷണം കഴിച്ചു കഴിഞ്ഞ് എല്ലാവരും വണ്ടിയിൽ കിടന്നു ഉറക്കമായി.നല്ല നല്ല കാഴ്ചകളും,പാട്ടും കേട്ട് 10 മുക്കാല് ആയപ്പോൾ ഞങ്ങൾ ഹിൽ പാലസിൽ എത്തി.അവിടെയുള്ള പടികൾ കയറിയാണ് ഞങ്ങൾ ഹിൽ പാലസിന്റെ അവിടെ എത്തിയത്.അവിടെ ചെരുപ്പുകൾ ഇട്ട് കൊണ്ട് കൊണ്ട് കയറാൻ പാടില്ല. ചെരുപ്പ് സൂക്ഷിക്കുന്ന സ്ഥലത്ത് ചെരുപ്പുകൾ ഊരിവെച്ചു.ധാരാളം വിദേശികളെ കണ്ടു അവിടെ. ഞങ്ങൾ അവരുമായി സംസാരിച്ചു. ഞങ്ങളെ ഹിൽ പാലസിന്റെ അകത്തേക്ക് ഒരു സ്റ്റാഫ് വന്നു കൊണ്ടുപോയി. അവിടെ കൊച്ചി രാജാവിന്റെ സദസ്സ്കണ്ടു.രാജാവിന്റെ വീട്ടിൽ പോകുന്ന മാപ്പ് കാണിച്ചു തന്നു. സ്ത്രീകൾ ഉപയോഗിച്ചിരുന്ന ആഭരണങ്ങൾ,രാജാവ് ഉപയോഗിച്ച സ്വർണ്ണ കിരീടവും, പണ്ടുകാലത്തെ പേന,പനയോല, കമ്മൽ, ലോക്കറ്റ്,ആഭരണ ശേഖരണങ്ങളിൽ ഞാൻ കണ്ടു.തലമുറകളും, ഗ്രൂപ്പ് ഫോട്ടോകളും കണ്ടു. തടികൊണ്ട് ഉണ്ടാക്കിയ വീടും ക്ഷേത്രവും ഉണ്ടായിരുന്നു അവിടെ.വിളംബരം ചെയ്യുന്ന ഡ്രം കണ്ടു. പഴയകാലത്തെ മൃതശരീരങ്ങൾ അട ക്കുന്ന വലിയ കളിമൺ ഭരണികൾ ആയ നന്നങ്ങാടികൾ അവിടെ കണ്ടു.രാജാക്കന്മാർ ഉപയോഗിച്ച വണ്ടികൾ, സ്ത്രീകളെ മഞ്ചത്തിൽ ഇരുത്തി കൊണ്ടു പോകുന്ന മഞ്ചവും ഞാൻ കണ്ടു. പണ്ടുകാലത്ത് മനുഷ്യർക്ക് ആയുധങ്ങളും ഉപകരണങ്ങളും ഒന്നുമില്ലായിരുന്നു. അതുകൊണ്ട് അവർ ഉപയോഗിച്ചിരുന്നത് കല്ല് അല്ലെങ്കിൽ, ശില ആയിരുന്നു. ഈ കാലഘട്ടം ആയ ശിലായുഗം, പരന്ന കല്ലിൽ എഴുതുന്ന ലിപികൾ എന്നിവയെല്ലാം അവിടെ കണ്ടു. ഇവയെല്ലാം ഞാൻ അഞ്ചാം ക്ലാസിൽ സോഷ്യൽ സയൻസിലും ബേസിക് സയൻസിലും പഠിക്കുന്നതാണ്. ഇനിയും അധികം കാര്യങ്ങൾ ഞങ്ങൾക്ക് അറിയാൻ സാധിച്ചുഅവിടെ ഉണ്ടായിരുന്ന പഴയ ഒരു തപാൽഓഫീസിൽഇപ്പോൾകല്ലുകൊണ്ട്ഉണ്ടാക്കിയ ദൈവങ്ങളുടെ രൂപങ്ങൾ ആണ് അവിടെ ഉള്ളത്.

മണിച്ചിത്രത്താഴ് സിനിമ ഷൂട്ട് ചെയ്യത് ഹിൽ പാലസിൽ വച്ചായിരുന്നു. മണി ചിത്രത്താഴ് സിനിമയിൽ കണ്ട കുളവും അവിടെ കണ്ടു. പിന്നെ ഞങ്ങൾ നേരെ നടന്നുപോയത് ഡിയർ പാർക്കിലേക് ആണ്.അവിടെ പലതരം മാനുകളെ കണ്ടു. വലിയ കല്ലുകൊണ്ട് ഉണ്ടാക്കിയ ദിനോസറിനെ കാണാൻ സാധിച്ചു. എല്ലാവരും അവിടെ നിന്ന് ഫോട്ടോകൾ എടുത്തു. അവിടെനിന്നും ഐസ്ക്രീമുകളും മിഠായികളും കൂട്ടുകാർ വാങ്ങി കഴിച്ചു.അവിടെ നിന്നും വണ്ടിയുടെ അടുത്തേക്കാണ് പിന്നെ ഞങ്ങൾ പോയത്. കൂട്ടുകാർ അവിടെ നിന്ന് ഉരുളക്കിഴങ്ങ് കമ്പിൽ വറുത്തത് മേടിച്ചു കഴിച്ചു. ഞങ്ങൾ ബിഗ്ബി സിനിമ ഷൂട്ട് ചെയ്യ സ്ഥലവും കണ്ടു. പണ്ടത്തെ കൊച്ചിയിലെ പള്ളിയിൽ പോയി. പക്ഷേ അത് തുറന്നില്ല ഞങ്ങൾ ശനിയാഴ്ചയാണ് പോയത്. ശനിയാഴ്ച 9 മണി മുതൽ ഒന്നര മണി വരെയാണ് അത് തുറക്കുന്നത് 1:45 മണിയായി ഞങ്ങൾ അവിടെ ചെന്നപ്പോൾ അതുകൊണ്ട് തൊട്ടുപിറകിലുള്ള ഫോർട്ടുകൊച്ചി കാലിലേക്ക് പോയി. അവിടെ ചൈനക്കാർ കൊണ്ടുവന്ന ചീനവല കണ്ടു. ഞങ്ങൾ അവിടെ നിന്നും ഫോട്ടോകൾ എടുത്തു. പിന്നെ ഞങ്ങൾ വണ്ടിയിൽ കയറി യാത്ര ചെയ്തു പോലീസ് സ്റ്റേഷനിൽ എത്തി. അവിടെ ഒരു എഎസ്ഐ ഞങ്ങൾക്ക് തോക്കിലെ ഉണ്ട കൊണ്ടും,വാളുകൊണ്ടും ഉണ്ടാക്കുന്ന മുറിവുകൾ എങ്ങനെയൊക്കെയാണ് ഉണ്ടാകുന്നത് എന്ന് ഒരു പ്രതിമയിൽ കാണിച്ചുതന്നു. ഓരോ പോലീസ് യൂണിഫോമുകളും അവയുടെ റാങ്കുകളും കാണാൻ സാധിച്ചു. പിന്നീട് അടുരിൽ നിന്ന് വന്ന നിധിൻ സാർ പറഞ്ഞു ഉച്ച ഭക്ഷണം കഴിച്ചിട്ട് ബോട്ടിംഗ് ചെയ്യാമെന്ന്. അങ്ങനെ ഞങ്ങൾ നേരെ ഭക്ഷണം കഴിക്കാനായി വഴിയരികിൾ ഉള്ള ഹോട്ടലിൽ പോയി. ബിരിയാണിയും കോഴിയിറച്ചിയും ആയിരുന്നു ഭക്ഷണം. ഞങ്ങൾക്കെല്ലാവർക്കും വളരെയധികം ഭക്ഷണം ഇഷ്ടമായി. തൊട്ട് അപ്പുറത്ത് മറൈൻ ഡ്രൈവിൽ ഞങ്ങൾ ബോട്ടിങ്ങിന് പോകാൻ വേണ്ടി പോയി. ആഹാരം കഴിച്ചു കൊണ്ടിരുന്ന സമയത്ത് ഒരു ബോട്ട് യാത്രക്കാരുമായി പുറപ്പെട്ടു.കുറെ സമയം അതുകൊണ്ട് ഞങ്ങൾ ബോട്ടിങ്ങിനു വേണ്ടി കാത്തിരിക്കേണ്ടി വന്നു. ആ സമയം സൂര്യാസ്തമയം കണ്ടു. ഞങ്ങൾ പിന്നെ അവിടെയുള്ള പാർക്കിൽ കയറിയിട്ട്, ബോട്ടിങ്ങിനായി കാത്തിരുന്നു. അവിടെ നിന്നും ഇട്ടാ പൊട്ടി പടക്കവും,കമ്മലുകളും, കൂളിംഗ് ഗ്ലാസുകളും, മാലകൾ ഒക്കെ കൂട്ടുകാർ വാങ്ങിച്ചു. അപ്പോഴേത്തേക്കുംബോട്ട് വന്നു. ഞങ്ങളെല്ലാവരും അതിൽ കയറി പാട്ടുപാടുകയും, ഡാൻസ് കളിക്കുകയും ചെയ്തു.ബോട്ടിലിരുന്നു കൊണ്ട് കൊച്ചിയിലെ ആദ്യ വന്ന ഹാർബർ കണ്ടു. ഒരു കിലോമീറ്റർ യാത്ര ചെയ്യ തിരിച്ചുവന്നു. പിന്നെ 7 30 ആയപ്പോൾ ഞങ്ങൾ വണ്ടിയിൽ കയറി മെട്രോ സ്റ്റേഷൻ എത്തി. താഴെ നിന്നും മേൽ എത്താൻ എസ്കലേറ്റർ സ്റ്റെപ്പ് വഴിയാണ് കയറിയത്.ആദ്യമായാണ് ഞാൻ അത് നേരിൽ കണ്ടത്. ഒരു പ്രാവശ്യം കയറിയപ്പോൾ പേടി തോന്നി പിന്നെ ഞാൻ അപ്പുറത്തെ പടിവഴിയാണ് മുകളിൽ കയറിയത്. ലുലുമാളിൽ പോകാനാണ് ഞങ്ങൾ മെട്രോ ട്രെയിനിൽ കയറിയത്.ടിക്കറ്റ് എടുത്ത് ഞങ്ങൾ യാത്ര ചെയ്തു. ആദ്യമായിട്ടാണ് ഞാൻ മെട്രോ ട്രെയിനിൽ കയറുന്നത്. വളരെയധികം എനിക്കിഷ്ടപ്പെട്ടു. ലുലുമാളിൽ എല്ലാത്തിനും വില അധികം ആയതുകൊണ്ട് ഞങ്ങൾ എല്ലാം കണ്ട് താഴേക്ക് ഇറങ്ങി.തൊട്ടടുത്ത് തന്നെ ഒരു ഹോട്ടലിൽ കയറി പത്തിരിയും, മയോണൈസും, ആൽഫാമും കഴിച്ചു. വളരെ നല്ല ഭക്ഷണമായിരുന്നു.10 30 ആയപ്പോൾ തിരിച്ചു വീട്ടിൽ എത്താൻ ഞങ്ങളുടെ വണ്ടിയിൽ കയറി. കുറച്ചുനേരം ഡാൻസ് കളിച്ചിട്ട് ഞങ്ങളെല്ലാവരും കിടന്നുറങ്ങി. ഈ പഠനയാത്രയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഹിൽപാലസും, മെട്രോയിൽ കയറിയതുമാണ്. ഞങ്ങളുടെ ഒപ്പം അടൂരിൽ നിന്നും വന്ന നിദിൻ സാറിനെ ഞങ്ങൾക്ക് ഒരുപാട് ഇഷ്ടമായി. ഞങ്ങളെ എല്ലാ സ്ഥലങ്ങൾ കാണിക്കാനും പറഞ്ഞു തരാനും ഞങ്ങളുടെ ഒപ്പം എപ്പോഴും ഉണ്ടായിരുന്നു. അതുപോലെ തന്നെ ഞങ്ങളുടെ സ്കൂളിലെ അധ്യാപകരും വളരെ കരുതലോടുകൂടി തന്നെഒപ്പം തന്നെ നിന്നു.2.30 ആയപ്പോൾ ചൊവ്വല്ലൂർ സ്കൂളിന്റെ അടുത്ത് വണ്ടി തിരിച്ചെത്തി. എല്ലാവരെയും വിളിക്കാൻ വീട്ടിൽ നിന്ന് എത്തിയിരുന്നു. അനാമിക ചേച്ചിയുടെ അമ്മ എന്നെ എന്റെ വീട്ടിൽ കൊണ്ടുവന്നു വിട്ടു.എന്റെ ചേട്ടൻ ഞങ്ങളുടെ കൂടെ പഠനയാത്രയ്ക്ക് വരാത്തതിന്റെയും, എൽകെജി മുതൽ ഇതുവരെയുള്ള പഠനയാത്രയിൽ ഒപ്പം വരാറുള്ള എന്റെ അമ്മ കൂടെ വരാത്ത വിഷമമുണ്ടായിരുന്നെങ്കിലും ഈ പഠനയാത്ര ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവമായി ഞാൻ മനസ്സിൽ കുറച്ചു കൊള്ളുന്നു.









**അർണിതാ**
Std V B


Save The Earth
Save the Water


SAVE WATER
SAVE LIFE


June - 5
Environment
Day
Avani. O
X.B


JUNE - 5
ENVIRONMENT
DAY

പ്രജ്ഞാ



# നന്ദി .....................

SGVHSS Chowalloor